പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2477 09/07/2015 - ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി പരീക്ഷാഫല പ്രഖ്യാപനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) 2015-16-ലെ എസ്.എസ്.എൽ.സി പരീക്ഷാ ഫലം എത്ര തവണ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു എന്നു വ്യക്തമാക്കുമോ;<br><br>(ബി) ഒന്നിൽ കൂടുതൽ തവണ പ്രസ്തുത പ്രഖ്യാപനം നടന്നുവെങ്കിൽ ആയതു സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (എ) യും (ബി) യും 2015 വർഷത്തെ എസ്.എസ്.എൽ,സി. പരീക്ഷാഫലം ഒരു തവണ മാത്രമേ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുള്ളു. ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും അപ് ലോഡ് ചെയ്ത മാർക്കുകൾ ചില സാങ്കേതിക തകരാറുകൾ മൂലം പൂർണ്ണമായി സർവ്വറിൽ ലഭിയ്ക്കാതിരുന്നതും ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്. എൽ.സി ഫല പ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. പിന്നീട് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി ഗ്രേസ് മാർക്കിന്റെ പ്രശ്നം പരിഹരിച്ച ശേഷം 26/04/2015 ന് റിസൾട്ട് അപ്ഡേറ്റ് ചെയ്ത് പരീക്ഷാ ഭവന്റെ വെബ്സെറ്റിൽ നൽകുകയാണുണ്ടായത്. |
| (സി) ഒന്നിൽ കൂടുതൽ തവണ എസ്.എസ്.എൽ.സി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന സാഹചര്യം മുമ്പുണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) മുമ്പ് ഒന്നിൽ കൂടുതൽ തവണ റിസൾട്ട് പ്രഖ്യാപിച്ചിട്ടില്ല. |

Sreedevi
സെക്ഷൻ ഓഫീസർ